ഗതാഗതവകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്സ്) : ചെറിയ വെയിറിംഗ് ഷെഡ് അടക്കം 63 എണ്ണം പണിയാൻ നടപടികളും ആരംഭിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട ബസ് സ്റ്റേഷനിലല്ലാതെ വെയിറിംഗ് ഷെഡ് കളോട് അനുബന്ധിച്ച് മലമൂത്രവിസർജ്ജനത്തിനു സൗകര്യങ്ങളും ഉണ്ടാക്കണമെന്നു ഉദ്ദേശിക്കുന്നില്ല.

ശ്രീ. കെ. സി. ഏബ്രഹാം : കായംകുളം ബസ്സ് സ്റ്റാൻറിൽ മലമൂത്രവിസർജ്ജനത്തിനു സൗകര്യമുണ്ടെന്നാണോ പറയുന്നത് ?

ശ്രീ. ടി. വി. തോമസ് : അതൊരു എക് സെപ് ഷണൽ കേസാണ്. അതു ഇപ്പോൾ അങ്ങോട്ടു മാറിയതാണ്.

ശ്രീ. പി. റ്റി. ചാക്കോ : അപ്പോൾ എല്ലാ ബസ് സ്റ്റാൻറുകളിലും മലമൂത്രവിസർജ്ജനത്തിനു സൗകര്യമുണ്ടെന്നു പറയുന്നതു തെറ്റല്ലേ ?

ശ്രീ. ടി. വി. തോമസ് : അങ്ങനെ സാങ്കേതികമായ തർക്കം പുറപ്പെടുവിക്കുന്നതു എന്തിനാണെന്നു മനസ്സിലാകുന്നില്ല. കായംകുളം ബസ്സ് സ്റ്റാൻറ് ഇപ്പോഴിടെയാണ് പുതിയ സ്ഥലത്തേയ്ക്കു മാറിയതു. അവിടെ സൗകര്യങ്ങളും ഏർപ്പെടുത്താൻ കുറച്ചു കാലതാമസം ഉണ്ടാകും.

ശ്രീമതി ലീലാദാമോദരമേനോൻ : എറണാകുളം ബസ്സ് സ്റ്റാൻറിൽ ഇപ്പോഴും ഇല്ലെന്നറിയാമോ ?

ശ്രീ. ടി വി. തോമസ് : അവിടെ സൗകര്യങ്ങൾ ഉണ്ടെന്നാണ് ഗവണ്മെൻറിൻറെ അറിവു്.

ശ്രീ. പൊന്നറ ശ്രീധർ : നെടുമങ്ങാട്ടു വെയിറിംഗ് റൂം ഉണ്ടു്. അവിടെ സൗകര്യമൊന്നുമില്ല. അതനേഷിച്ചു് വേണ്ടതു ചെയ്താൽ കൊള്ളാം.

ശ്രീ. ടി. വി. തോമസ് : വെയിറിംഗ് റൂമും, ബസ്സ്സ്റ്റാൻറും തമ്മിൽ വ്യത്യാസമുണ്ടു്. നെടുമങ്ങാട്ടും സൗകര്യമുണ്ടെന്നാണ് അറിവു്. ഇല്ലെങ്കിൽ അതിനെപ്പറ്റി അനേഷിക്കാം.

ശ്രീ. എം. നാരായണക്കുറുപ്പ് : ആലപ്പുഴയുള്ള ഈ സൗകര്യം ഉപയോഗിക്കാൻ സാധിക്കാത്ത നിലയിലാണെന്നു അറിയാമോ ?

ശ്രീ. ടി. വി. തോമസ് : അതു ഒരു അഭിപ്രായം മാത്രമാണ്.

ശ്രീ സി. ഏ. മാത്യു : ആലുവായിൽ മലമൂത്രവിസർജ്ജനത്തിനുള്ള സൗകര്യമില്ല.

ശ്രീ. ടി. വി. തോമസ് : അവിടെയും സൗകര്യങ്ങളുണ്ടു്.

ദേശീയവരുമാനവും, ഒരാളുടെ വരുമാനവും സംബന്ധിച്ചുള്ള സ്ഥിതിവിവര കണക്കുകൾ.

*1760. [6] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൻറെ ദേശീയവരുമാനവും, ഒരാളുടെ വരുമാനവും സംബന്ധിച്ച വല്ല സ്ഥിതിവിവരക്കണക്കുകളും ശേഖരിച്ചിട്ടുണ്ടോ ;

(ബി) ഇതിൽ കാർഷിക വരുമാനമിനത്തിൽ ദേശീയവരുമാനമായി എന്തു ലഭിക്കുമെന്നും ഒരാളിനു കാർഷികവരുമാനമായി എന്തു കിട്ടുമെന്നും പറയുവാൻ കഴിയുമോ ;

(സി) ഏറ്റവും കുറഞ്ഞ വരുമാനം ഒരാളിൻറെ ഏതിനത്തിൽ നിന്നാണ് ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്) :

(എ, ബി, സി,) 1955-56-ലെ സ്ഥിതിവിവരക്കണക്കുകൾ പ്രകാരം ഒരാളുടെ വരുമാനം 217.9 രൂപയാണ്. ഇതിൽ കാർഷിക ഇനത്തിന്റെ പങ്ക് 113.97 രൂപയാണ്. ഏറ്റവും കുറഞ്ഞ വരുമാനം 'മൈനിംഗ്' എന്ന ഇനത്തിൽ നിന്നാണ്. അതു .1 ആണ്.

കളിമൺ വ്യവസായശാലകൾ.

*1761. [7] ശ്രീ. തോമസ് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തു് എത്ര ഗവണ്മെന്റ് കളിമൺ വ്യവസായ ശാലകൾ ഉണ്ട് ;

(ബി) അവയിൽ ഇന്നു നിലവിൽ എത്ര രൂപയ്ക്കുള്ള സാധനങ്ങൾ വിറ്റഴിക്കുവാനുണ്ട് ;

(സി) ഇവ വിറ്റഴിക്കുന്നതിനു് എത്ര ശതമാനം കമ്മീഷൻ ഗവണ്മെന്റ് അനുവദിച്ചിട്ടുണ്ട് ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ) :

(എ) രണ്ട് ഗവണ്മെന്റ് കളിമൺ വ്യവസായശാലകൾ ഉണ്ട്,

1. ഗവണ്മെന്റ് സിറാമിക് കൺസേൺസ്, കണ്ടറ.
2. കേരള ഗവണ്മെന്റ് സിറാമിക്സ്, കണ്ടറ.

(ബി, സി) ഗവണ്മെന്റ് സിറാമിക് കൺസേൺസിൽ ഏകദേശം ഒന്നര ലക്ഷം രൂപയുടെ പഴയ സ്റ്റാക്കുള്ളതും, കേരള ഗവണ്മെന്റ് സിറാമിക്സിലെ മൂന്നു മാസത്തെ ഉൽപ്പാദനത്തിൽ സ്റ്റാക്കുള്ളതു് വിറ്റഴിക്കാൻ വേണ്ടി വിലയുടെ കണക്ക് ശേഖരിച്ചു വരുന്നു. കേരള ഗവണ്മെന്റ് സിറാമിക്സിലുള്ള സാധനങ്ങൾ വിറ്റഴിക്കുന്നതിനു് എജൻസിയ്ക്കു് 20 ശതമാനം കമ്മിഷനും സിറാമിക് കൺസേൺസിലുള്ള പഴയ സ്റ്റാക്ക് വിറ്റഴിക്കുന്നതിനു് വ്യത്യസ്ത തോതിലുള്ള ഒരു കമ്മിഷനുമാണ് അനുവദിച്ചിട്ടുള്ളതു്.

ശ്രീ. തോമസ് ജോൺ : ഗവണ്മെന്റ് സിറാമിക് കൺസേൺസിലുള്ള സാധനത്തിനു് 70 മുതൽ 95 ശതമാനം വരെ കമ്മിഷൻ അനുവദിച്ചിട്ടുണ്ടോ ?

ശ്രീ. കെ. പി. ഗോപാലൻ : ഇല്ല.

ശ്രീ. തോമസ് ജോൺ : തരം തിരിച്ചു് എടുക്കുന്നതിനു് അനുവദിച്ചിട്ടില്ലേ ?

ശ്രീ. കെ. പി. ഗോപാലൻ : സിറാമിക് കൺസേൺസിൽ വളരെക്കാലം മുമ്പുള്ള സ്റ്റാക്കുണ്ട്. അതു വിറ്റഴിക്കാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്. ഇപ്പോഴും വിറ്റുവരുന്നു.

ശ്രീ. തോമസ് ജോൺ : തരം തിരിച്ചു് എടുക്കുന്നതിനു് അനുവദിച്ചിട്ടുള്ളതിനു് പുറമേ 95 ശതമാനം വരെ കമ്മിഷനും പാക്കിംഗ് ചാർജ്ജും അനുവദിക്കുന്നതിനേക്കാൾ ഈ സാധനങ്ങൾ സാധുക്കൾക്കു് കൊടുക്കുന്നതോ ?

ശ്രീ. കെ. പി. ഗോപാലൻ : ആ പ്രസ്താവന ശരിയല്ല. ഇപ്പോൾ 20 ശതമാനം കമ്മിഷനാണ് അനുവദിച്ചിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly